പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 635** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് ജില്ലയിലെ എക്സൈസ് സംവിധാനം മെച്ചപ്പെടുത്തൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ എക്സൈസ് ഡിവിഷൻ, റേഞ്ച് സർക്കിൾ ഓഫീസുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>**

- എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ – 2
- എക്സൈസ് ഇൻസ്പെക്ടർ - 2
- അസി. എക്സൈസ് ഇൻസ്പെക്ടർ – 1
- സിവിൽ എക്സൈസ് ഓഫീസർ - 24 (നിലവിൽ 10 ഉദ്യോഗാർത്ഥികൾ എക്സൈസ് അക്കാഡമി തൃശ്ശൂർ പരിശീലനത്തിലും, 14 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുള്ളതുമാണ് )
- വനിത സിവിൽ എക്സൈസ് ഓഫീസർ - 1 (ഒരു ഉദ്യോഗാർത്ഥി എക്സൈസ് അക്കാഡമി തൃശ്ശൂർ പരിശീലനത്തിൽ)
- സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ - 1 (എൻ.ജെ.ഡി)

**(ബി)** ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങൾ, പരിശോധനാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ ഒഴികെ എല്ലാ ഓഫീസുകളിലും വാഹനങ്ങൾ ഉണ്ട്. അഴിയൂർ എക്സൈസ് ചെക്ക്പോസ്റ്റിൽ വാഹനം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. പരിശോധനാ ഉപകരണങ്ങൾ ഇതിനോടകം ഓഫീസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിവരം താഴെ ചേർക്കുന്നു:

1. ഡ്രഗ് ഡിറ്റക്ഷൻ കിറ്റ്
2. ലാത്തി
3. റിഫ്ലക്ഷൻ ജാക്കറ്റ്
4. എമർജൻസി ലൈറ്റ്

**(സി)** തീരദേശ മേഖലയായ കോഴിക്കോട് ജില്ലയിലെ എക്സൈസ് ഇന്റലിജൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** തീരദേശ മേഖലയിൽ കർശനമായ നിരീക്ഷണം നടത്തി വരുന്നുണ്ട്. ലഹരിക്കടത്തും വിൽപ്പനയും ഉപയോഗവും തടയുന്നതിന് കോഴിക്കോട്, വടകര റെയിഞ്ച് ഓഫീസുകളിൽ പ്രത്യേകം ടീമിനെ നിയോഗിച്ച് പരിശോധന നടത്തി വരുന്നുണ്ട്. ഇതിനുപുറമേ എക്സൈസ് വകുപ്പിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് നാർകോട്ടിക്ക്സ് കൺട്രോൾ ബ്യൂറോ(SNCB)യും ശക്തമായ നിരീക്ഷണം നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**